**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6459 21/11/2019 ൽ മറുപടിയ്ക്ക്**

**നാഷണൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് തുക വിതരണം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.മഞ്ഞളാംകുഴി അലി** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) നാഷണൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്.) പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾക്ക് യഥാസമയം തുക വിതരണം ചെയ്യാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷത്തെ തുകയാണ് വിതരണം ചെയ്യാൻ കുടിശ്ശികയുള്ളതെന്ന് അറിയിക്കാമോ; | (എ) നാഷണൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് പൊതുവിദ്യാഭ്യാസ വകുപ്പ് വഴിയല്ല വിതരണം ചെയ്യുന്നത്. ഇത് ഒരു പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ആണ്.പൊതു വിദ്യാഭ്യാസ വകുപ്പ് വഴി വിതരണം ചെയ്യുന്നത് നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് (NMMS) ആണ്. 100% കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പാണിത്. അർഹരായ എല്ലാ കുട്ടികൾക്കും 2018-19 വർഷം വരെയുള്ള തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡി.ബി.റ്റി (DBT) ആയി കേന്ദ്രമന്ത്രാലയം (MHRD) നൽകിയിട്ടുണ്ട്. |
| (ബി) കേന്ദ്രസർക്കാരിൽ നിന്നും സ്കോളർഷിപ്പ് വിതരണത്തിനുള്ള തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും നാളിതുവരെയായിട്ടും പ്രസ്തുത തുക വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യ്തിട്ടില്ലായെങ്കിൽ അതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ; | (ബി) കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നേരിട്ടാണ് നൽകുന്നത്. സംസ്ഥാന സർക്കാരിന്/വകുപ്പിന് ഈ ഇനത്തിൽ ഫണ്ട് കൈമാറുന്നില്ല. അവ്യക്തവും, അപൂർണ്ണവും, തെറ്റായതുമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകുന്ന കുട്ടികൾക്ക് യഥാസമയം സ്കോളർഷിപ്പ് ലഭിക്കുന്നില്ല. |
| (സി) മികച്ച വിജയം കരസ്ഥമാക്കിയ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് യഥാസമയം ലഭിക്കേണ്ട സ്കോളർഷിപ്പ് സമയബന്ധിതമായി വിതരണം ചെയ്യാത്തത് സ്കോളർഷിപ്പിന്റെ ഉദ്ദേശ്യത്തെത്തന്നെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) കുട്ടികൾ നൽകുന്ന ബാങ്ക് അക്കൗണ്ട്/ ആധാർ നമ്പർ എന്നിവയിൽ തെറ്റുണ്ടെങ്കിൽ സ്കോളർഷിപ്പ് തുക ലഭിക്കാതെ വരാറുണ്ട്. ഈ വിഷയത്തിൽ പരാതി ലഭിക്കുന്ന മുറയ്ക്ക് ശരിയായ ബാങ്ക് അക്കൗണ്ട്/ ആധാർ വിവരങ്ങൾ കേന്ദ്ര മന്ത്രാലയത്തിന് കൈമാറി സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കത്ത് നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ